പ്രശ്നം പരിഹരിക്കുന്നതിനായി സ്വന്തമായി ഭൂമിയുള്ളവരെ പുനരധിവസിപ്പിക്കുന്ന പദ്ധതിപ്രകാരം വീടും ഭൂമിയില്ലാത്തവർക്ക് ഭൂമി വാങ്ങി വീടുനിർമ്മിച്ചുകൊടുക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. അവിവാഹിതരായ അമ്മമാരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി അവർക്ക് കൃഷി ചെയ്യുവാൻ ഭൂമിയും കൃഷിയായുധങ്ങളും വാങ്ങി കൊടുത്തുവരുന്നു. തിരുനെല്ലി പഞ്ചായത്തിലെ അവിവാഹിതരായ അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനുള്ള വർക്ക്ഷെഡ്ഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ജില്ലാ പ്ലാനിംഗ് ഓഫീസർ നടപടി സ്വീകരിച്ചിട്ടുണ്ട്.

ആദിവാസി കുടുംബങ്ങൾക്ക് ഭൂമിയും പട്ടയവും നൽകുന്നതിന് നടപടി

4 [584] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഭൂമിയില്ലാത്ത എത്ര ആദിവാസി കുടുംബങ്ങൾക്ക് ഭൂമിയും കൈവശരേഖയും നൽകിയിട്ടുണ്ട്;

(ബി) ആദിവാസികൾക്ക് നൽകുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ നാളിതുവരെ എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്; ഇനം തിരിച്ചുള്ള കണക്ക് നൽകുമോ; അതിൽ ഓരോ ആദിവാസി കുടുംബത്തിനും എത്ര സെന്റ് ഭൂമി വീതം നൽകിയിട്ടുണ്ട്;

(സി) ഭൂമിയില്ലാത്ത ആദിവാസി കുടുംബങ്ങൾക്ക് നൽകാൻ കൂടുതൽ ഭൂമി ഏറ്റെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതുവരെ 3253 കുടുംബങ്ങൾക്ക് 5398.92 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(ബി) ആറളം ഫാം, ആലക്കോട് എസ്റ്റേറ്റ് എന്നിവിടങ്ങളിലെ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly